## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2689. 20.03.2015 -ലെ മറുപടിയ്ക്ക്

### അനദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി

*ചോദ്യം*
ശ്രീ. കെ. ശിവദാസൻ നായർ :

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യൂണിവേഴ്സിറ്റികളിൽ പാർട്ട് ടൈം പി.എച്ച്.ഡി യ്ക്ക് രജിസ്റ്റർ ചെയ്യാൻ അനദ്ധ്യാപകർക്ക് അവസരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല എന്നിവിടങ്ങളിൽ അനദ്ധ്യാപകർക്കും പാർട്ട് ടൈം പി.എച്ച.ഡി. യ്ക്ക് രജിസ്റ്റർ ചെയ്യാൻ അവസരമുണ്ട്. കേരള സർവ്വകലാശാലയിൽ അനദ്ധ്യാപകർക്ക് നിബന്ധനകൾക്ക് വിധേയമായി പാർട്ട് ടൈം പി.എച്ച.ഡി. യ്ക്ക് രജിസ്റ്റർ ചെയ്യാൻ അനുമതി നൽകുന്നുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ യൂണിവേഴ്സിറ്റി റഗുലേഷൻ അനുശാസിക്കുന്ന വിഭാഗങ്ങളിൽ പെടാത്ത അനദ്ധ്യാപകർക്ക് അവസരം നൽകിയിട്ടില്ല. |
| (ബി) | അദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി യ്ക്ക് അവസരമുള്ളപ്പോൾ, അനദ്ധ്യാപകർക്ക് കൂടി അവർക്ക്അവസരം നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ ഇതിന് അവസരമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ